# മോഹങ്ങളുറങ്ങുന്ന നഗരം




ഇരുൾ മൂടുകയാണ്. ആരോടോ ഉള്ള കോപമെന്നോണം ആകാശം കനപ്പെട്ടു നിന്നു. മാറ്റിനു താഴെ വെച്ച താക്കോൽ കൊണ്ട് സോഫിയ വാതിൽ തുറന്നു. കനമുള്ള സ്കൂൾ സഞ്ചി നിലത്തിട്ടപ്പോൾ അവൾക്ക് എന്തെന്നില്ലാത്ത ഒരാശ്വാസം തോന്നി.


അവൾ അടുക്കളയിലേക്ക് നടന്നു. വെട്ടിത്തിളങ്ങുന്ന ചില്ലു ടേബിളിനു മുകളിൽ ഒരു ജെഗ്ഗും ഗ്ലാസും മാത്രമെ ഉണ്ടായിരുന്നു. ഇന്നും അമ്മക്ക് ഒന്നും ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടാവില്ല. അല്ലെങ്കിലും എന്നും ഓഫീസിലേക്ക് ലൈറ്റായാ പോവാറ്. അവൾ നടന്നു ധൃതിയിൽ നീളൻ ജാനല മലർക്കെ തുറന്നു.

ഫ്ളാറ്റിന്റെ ആറാം നിലയിൽ നിന്ന് അവൾ താഴേക്ക് നോക്കി. വാഹനങ്ങൾ ഒഴുകി കൊണ്ടിരിക്കുന്നു. ജനങ്ങൾ വേഗത്തിൽ അങ്ങോട്ടും ഇങ്ങോട്ടും നീങ്ങുന്നു. എല്ലാവർക്കും തിരക്കും ബദ്ധപ്പാടും. സോഫിയ വേഗം കണ്ണു പിൻവലിച്ചു കളഞ്ഞു.

താഴെ മറ്റൊരു ലോകമാണ്. തിരക്കിട്ട് ചലിക്കുന്ന നഗരത്തെ നോക്കാൻ അവൾ ഇഷ്ടപ്പെട്ടിരുന്നില്ല. അവൾ പൂത്തു നിൽക്കുന്ന മരത്തെ



*മുഹമ്മദ് ഫർഹാൻ*
*ക്ലാസ്- 5*
*ജി.എഫ്.യു.പി.എസ്*
*വാടാനപ്പള്ളി*



നോക്കി പുഞ്ചിരിച്ചു. മരം സംതൃപ്തി യോടെ തലയാട്ടി.

ഒരു പക്ഷെ, ഒരു മരവും തന്നെപ്പോലെ നഗരത്തെ വെറുക്കുന്നുണ്ടാവാം. അതുകൊണ്ടായിരിക്കാം ഇടുങ്ങി വീർപ്പുമുട്ടുന്ന നഗരത്തിൽ നിന്നും രക്ഷപ്പെടാൻ മുകളിലേക്ക് ഉയർന്നു വരുന്നത്. ഇവിടെ മൂകാന്തരീക്ഷത്തിൽ അൽപ്പം ആശ്വാസം കിട്ടുമല്ലോ. അവൾ പതിവുപോലെ മരത്തെ നോക്കി സംസാരിച്ചു. എന്നത്തെയും വിശേഷങ്ങൾ കേൾക്കാൻ ആ മരം മാത്രമെ ഉണ്ടായിരുന്നു. തിരക്കിട്ട് പായുന്ന അച്ഛനും അമ്മക്കും എവിടെ സമയം.

മഴ ശക്തിയായി പെയ്തു കൊണ്ടിരുന്നു. അവൾ ജനാല അടച്ച് കട്ടിലിൽ നിവർന്നു കിടന്നു. സമയം മൂന്നുമണി. അവർ വരാൻ ഇനിയും സമയമുണ്ട്. സാവധാനം നിദ്രയിലേക്ക് വീണു. കോളിംഗ് ബെല്ല് അടിഞ്ഞു. അമ്മയും അച്ഛനുമായിരുന്നു. സോഫിയ നീ ഇത് വരെ ഒന്നും റെഡിയാക്കിയില്ലേ?"

"എന്താ അച്ഛാ?"

"നാളെ അല്ലേ നാട്ടിൽ പോവുന്നത്?"

അവളുടെ വിഷാദം കാറ്റിലെ കരിയിലകൾ പോലെ പറന്നു പോയി. സോഫിയ ഓടി ജനാല തുറന്നു. അവൾ സ്തംഭിച്ചു പോയി. ജനാല തുറന്നാൽ കാണുന്ന മരത്തിന്റെ ശാഖ എവിടെ? അവൾ അത്ഭുതത്തോടെ താഴേക്ക് നോക്കി. അവിടെ ... അവിടെ ആപ്പോൾ വെട്ടി മാറ്റ



*ഹിബ, ക്ലാസ്-5*
*ഐ.എസ്.എസ്.*
*എച്ച്.എസ്.എസ്*
*പൊന്നാനി*



*നഫ്സൽ എസ്, ഗവ.ബോയ്സ് എച്ച്.എസ്*
*കന്യാകുളങ്ങര, തിരുവനന്തപുരം*

പ്പെട്ട മരം! "എന്റെ മരമേ നിൻ മോഹങ്ങളും ഉറങ്ങുകയാണോ" സോഫിയയുടെ കണ്ണുകളിലൂടെ കണ്ണുനീർ ചാലിട്ടൊഴുകി. നീർമുത്തുകൾ പോലെ കണ്ണുനീർ പുറത്തെ മഴക്കൊപ്പം താഴേക്ക് വീണു കൊണ്ടിരുന്നു.

***അമീന റിൻഷ അലി ടി***
*ക്ലാസ്- 8*
*ഐ.സി.എച്ച്.എസ്.എസ്*
*ശാന്തപുരം*

# സൈക്കിൾ

ഓർമ വെച്ച കാലം തൊട്ടേ എനിക്കൊരു കളിക്കൂട്ടുകാരനുണ്ടായിരുന്നു. ഞാനേറെ ഇഷ്ടപ്പെട്ട എന്റെ പ്രിയപ്പെട്ട കൂട്ടുകാരൻ. എന്നെ ഇരിക്കാനും നടക്കാനും, ഓടാനും പഠിപ്പിച്ചത് അവനായിരുന്നു. എനിക്ക് പെങ്ങൾ പിറന്നതോടെ അവന്റെ ഇഷ്ടം അവളോടായി. കൊച്ചു കള്ളൻ! ഏത് സമയവും അവളുടെ കൂടെ! അനിയത്തി വന്നതോടെ ഞാൻ വലുതായിപ്പോയത്രെ.

അവളുടെ ചവിട്ടും കുത്തുമേറ്റ് നിലവിളിക്കുമ്പോഴും അവൻ അവളെ കൈവിടില്ല. എന്നാൽ ഇപ്പോൾ എനിക്ക് മറ്റൊരു കൂട്ടുകാരനുണ്ട്. എന്നേക്കാൾ വലിയ, എന്നെ ഏറെ സ്നേഹിക്കുന്ന ഒരു കൂട്ടുകാരൻ.

കോണിച്ചുവട്ടിൽ മാറാലയും പിടിച്ച് അവനങ്ങനെ വിശ്രമിക്കുകയാണ്. വാടാത്ത പുഞ്ചിരിയോടെ എന്റെ ഉപ്പ എനിക്ക് ആദ്യമായി തന്ന വലിയ സമ്മാനം... എന്റെ കുഞ്ഞു സൈക്കിൾ...

***അഫ്ഹം അസീസ് സി.ടി***
*ടാലന്റ് പബ്ലിക് സ്കൂൾ*
വടക്കാങ്ങര

# ഞാൻ സ്നേഹിക്കുന്നു അച്ഛാ...

ഒരു സ്ഥലത്ത് കൃഷ്ണൻ എന്നു പേരുള്ള ഒരാളും അയാളുടെ കുടുംബവും ജീവിച്ചിരുന്നു. അയാളുടെയും കുടുംബത്തിന്റെയും വലിയ ആഗ്രഹമാണ് ഒരു ആൾട്ടോ കാറ് വാങ്ങിക്കണമെന്നത്. അതിന് അവരുടെ കൈയ്യിൽ വേണ്ടത്ര കാശില്ല. ആയാളുടെ ജോലിയാണെങ്കിൽ ഒരു സൂപ്പർ മാർക്കറ്റിലാണ്.

കിട്ടുന്ന ശമ്പളം ജീവിതം മുന്നോട്ട് കൊണ്ടു പോകാൻ തന്നെ കഴിയില്ല. എങ്കിലും അവർ കാശ് കൂട്ടിവെച്ച് കൂട്ടിവെച്ച് ചെലവ് കുറച്ച് ജീവിച്ചു. അങ്ങനെ കാർ വാങ്ങിക്കാനുള്ള കാശ് കൈയ്യിൽ കിട്ടി. അങ്ങനെ കൃഷ്ണേട്ടൻ കാർ വാങ്ങിക്കാൻ പോയി.

ഒരു കാറ് സ്വന്തമായതിന്റെ സന്തോഷത്തിൽ ആളുകളുടെ ശ്രദ്ധയാകർഷിക്കാനായി വഴിയുടനീളം ഹോണടിച്ചു കൊണ്ടാണയാൾ വീട്ടിലെത്തിയത്.

മുറ്റത്ത് ഹോണടിയുടെ ശബ്ദം കേട്ട ഭാര്യയും മകനും പുറത്തിറങ്ങി വന്നു. സന്തോഷം കൊണ്ട് ചായ തിളപ്പിക്കാനായി ഭാര്യ അടുക്കളയിലേക്ക് പോയി. മോനെ എടുത്തു കൊണ്ട് കൃഷ്ണേട്ടൻ ടി.വി കാണാനും പോയി. കുറച്ചു കഴിഞ്ഞപ്പോൾ മകനേ കാണാനില്ല. മകനേ അന്വേഷിച്ച് നടന്ന കൃഷ്ണേട്ടൻ കണ്ടത്, തന്റെ മോൻ പുതിയ കാറിൽ കല്ല് വെച്ച് എന്തോ ചെയ്യുന്നു.

ഇത് കണ്ട് അരിശം മൂത്ത കൃഷ്ണേട്ടൻ അവിടെ കിടന്ന ഒരു വടിയെടുത്ത് സ്വന്തം മോന്റെ കൈ തല്ലിയൊടിച്ചു.

ഒച്ച കേട്ട് വന്ന ഭാര്യ പിടിച്ച് മാറ്റിയപ്പോഴാണ് അയാൾക്ക് ബോധം വന്നത്. വേഗം ഒരു ഓട്ടോ വിളിച്ച് ആശുപത്രിയിൽ പോയപ്പോൾ ഡോക്ടർ പറ



*ആയിഷ ഷിറിൻ കെ,*
*ക്ലാസ്- 5*
*മോഡൽ ഇംഗ്ലീഷ് മീഡിയം,*
*യു.പിസ്കൂൾ,*
*പനമണ്ണ*



*അമാന വി, ക്ലാസ്-2*
*ഇംഗ്ലീഷ് മീഡിയം സ്കൂൾ, നരിക്കുനി*

ഞ്ഞു. കൈ ഇനി ശരിയാകുകയില്ല എന്ന്.

പക്ഷെ, മകന്റെ കൈയ്യിൽ പ്ലാസ്റ്ററിട്ട് വീട്ടിൽ വന്ന കൃഷ്ണേട്ടൻ കാറിന്റെ മുമ്പിൽ എന്താണെഴുതിയത് എന്നറിയാനായി നോക്കിയപ്പോൾ തന്നെ കരഞ്ഞുപോയി. മകൻ എന്താ എഴുതിയതെന്നറിയേണ്ടേ? കാറ് കിട്ടിയ സന്തോഷത്തിൽ അച്ഛനോടുള്ള സ്നേഹം കൊണ്ട് "I love you very much daddy" എന്നാണ് ആ കുട്ടി എഴുതിയത്.

ചെയ്ത് പോയതിനെക്കുറിച്ചോർത്ത് പിന്നീട് ഖേദിച്ചിട്ട് ഒരു കാര്യവുമില്ല. അത് കൊണ്ട് "നാം എന്തു ചെയ്യുമ്പോഴും നന്നായി ചിന്തിച്ചു മാത്രം ചെയ്യുക."

ഫുആദ് സനീൻ എ
*ക്ലാസ് -9, ഐ.സി.ടി ഇംഗ്ലീഷ് മീഡിയം*
*പെരിങ്ങാല, എറണാകുളം*



*ദിൽസു, ക്ലാസ്- 4*
*എ.യു.പി സ്കൂൾ, മലപ്പുറം*

# വിദ്യാലയ ജീവിതം

എത്ര മനോഹരമാണ്,
വിദ്യാലയ ജീവിതം
എത്ര പറഞ്ഞാലും തീരാത്ത തമാശകൾ
ഓർമയിൽ മായാത്ത ഇണക്കവും പിണക്കവും
പഠിക്കാൻ മറന്നതിൽ കിട്ടുന്ന അടിയും
എഴുതാൻ മറന്നതിൽ കിട്ടുന്ന അടിയും

ഹൃദ്യമായ ഓർമ നിറച്ച ചെപ്പാണത്.
ഓരോ കുരുന്നിനുമുള്ള ഭാഗ്യമാണ്
ഒടുവിൽ മടങ്ങുമ്പോൾ കണ്ണീർപ്പൊഴിക്കും
മായാതെ ഓർക്കും ആ നല്ല ഓർമ്മകൾ
കൊതിക്കും വീണ്ടും ഞാനാ വിദ്യാർത്ഥിയെങ്കിൽ
മധുരം പറക്കുന്ന ആ നല്ല നാളിൽ
വീണ്ടും എത്തിയെങ്കിൽ

*ഫഹിമ ജിൽസി. എം*
*ക്ലാസ്- 7*
*മുബാറക് ഇംഗ്ലീഷ് സ്കൂൾ*
*മഞ്ചേരി*

# കാക്കമ്മയുടെ കനിവ്

ഒരിക്കൽ ഒരു കാട്ടിൽ ഒരു കുഞ്ഞിക്കിളി ചിറകൊടിഞ്ഞ് കിടക്കുകയായിരുന്നു. അതിലെ വന്ന കാക്കമ്മയ്ക്ക് അത് കണ്ട് സങ്കടം വന്നു. കിളിക്കുഞ്ഞിന് ചുറ്റും വട്ടമിട്ട് കരഞ്ഞ് കൊണ്ടിരുന്നു. കരച്ചിൽ കേട്ട് കുഞ്ഞിക്കിളിയുടെ അമ്മക്കിളി അതിലെ വന്നു.

കുഞ്ഞിക്കിളിയെ കണ്ട് അമ്മക്കിളിക്ക് സഹിച്ചില്ല. എന്ത് ചെയ്യണമെന്നറിയാതെ വാവിട്ട് കരയാൻ തുടങ്ങി. അത് കണ്ട് കാക്കമ്മ പറഞ്ഞു.

“കരയാതെ നമുക്ക് കുഞ്ഞിക്കിളിയെ കൂട്ടിലെത്തിക്കാം! ഒരു വഴി ആലോചിക്കാം.”

കാക്കമ്മ ഒരു വലിയ ഇല കൊത്തിക്കൊണ്ടു വന്നു. തന്റെ കൊക്ക് കൊണ്ട് കുഞ്ഞിക്കിളിയെ വേദനിപ്പിക്കാതെ ഇലയുടെ മധ്യത്തിൽ കിടത്തി ഇലയുടെ രണ്ടറ്റവും കൂട്ടിപ്പിടിച്ച് ചുണ്ടിൽ കൊത്തിയെടുത്തു. മരത്തിന്റെ ചില്ലയിൽ തൂങ്ങിക്കിടന്ന കിളിയുടെ കൂട്ടിൽ കൊണ്ടുവിട്ടു.

പിറകെ പാറിവന്ന അമ്മക്കിളി സന്തോഷം കൊണ്ട് തുള്ളിച്ചാടി. തന്റെ കുഞ്ഞിനെ രക്ഷപ്പെടുത്തിയ കാക്കമ്മയ്ക്ക് എന്ത് കൊടുക്കാനും തയ്യാറായിരുന്നു. പക്ഷെ, സ്നേഹത്തോടെ എല്ലാം നിരസിച്ച് കാക്കമ്മ പറന്നു പോയി.

***ഫാത്തിമത്ത് അരീജ***
*ക്ലാസ് – 3*
***സെന്റർ കൽവത്തി***
***എൽ. പി. സ്കൂൾ***




# ചരാചരങ്ങൾ കഥാപാത്രങ്ങൾ ആകുമ്പോൾ

മനോഹരമായ നാലു കഥകളാണ് ഈ ലക്കം പൂമൊട്ടിൽ. നാലു കഥകളും വായനക്കാരുടെ ഹൃദയത്തിൽ ഓളങ്ങൾ ഉണ്ടാക്കുന്നു. ആദ്യത്തെ രണ്ടു കഥകളായ മോഹങ്ങളുറങ്ങുന്ന നഗരം, സൈക്കിൾ എന്നീ കഥകളിൽ മനുഷ്യരേക്കാൾ മറ്റു ചരാചരങ്ങളാണ് കഥാഗതിയെ നിർണ്ണയിക്കുന്നത്.

മോഹങ്ങളുറങ്ങുന്ന നഗരത്തിൽ സോഫിയ നഗരജീവിതത്തിന്റെ യാന്ത്രികതയിൽ നിന്ന് മോചനം നേടുന്നത് ഒരു മരത്തിനോട് സംസാരിച്ചാണ്. മറ്റേ കഥയിലാകട്ടെ കഥാകൃത്തിന്റെ സൈക്കിൾ അയാളുടെ സഹോദരങ്ങളോളം തന്നെ അയാൾക്ക് പ്രിയപ്പെട്ടതും കളിച്ചങ്ങാതിയുമാണ്.

അങ്ങിനെ മനുഷ്യരുടെ ലോകത്തു നിന്ന് മറ്റു ചരാചരങ്ങളുടെ ലോകത്തേക്ക് കൗതുകത്തിന്റെയും പുതുമയുടെയും വാതിലുകൾ തുറന്നിടുന്നു പൂമൊട്ടിൽ വരുന്ന പല കൂട്ടുകാരുടെയും കഥകൾ.

സസ്നേഹം

● മാഷ്